# തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്

G8/37625/22 13-09-2022

## ടെണ്ടർ നിബന്ധനകൾ

തൃശ്ശൂർ കോർപ്പറേഷൻ ജലവിതരണ വിഭാഗത്തിലേക്ക് ആവശ്യമായ എ5 സൈസ് ഡിമാന്റ് നോട്ടീസ് ബുക്ക് 5000 എണ്ണം, അച്ചടിച്ച് വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടർ ക്ഷണിക്കുന്നു. ടെണ്ടർ ഫോറം 1-10-2022 തിയതി ഉച്ചയ്ക്ക് 1 മണിവരെ നഗരസഭ പൊതുഭരണ വിഭാഗം സ്റ്റോറിൽ നിന്നും ലഭിക്കുന്നതാണ്. ടെണ്ടറുകൾ അന്നേ ദിവസം 3 പി.എം.ന് മുമ്പായി പൊതുഭരണ വിഭാഗത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 3.30 മണിക്ക് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതാണ്. ടി. ദിവസം ഏതെങ്കിലും കാരണത്താൽ അവധി ആകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽ സമയത്ത് ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതാണ്.

## പൊതു നിബന്ധനകൾ

1. ടെണ്ടറിൽ രേഖപ്പെടുത്തുന്ന നിരക്കിന് ആറു മാസത്തെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.
2. ടെണ്ടറിൽ പങ്കെടുക്കുന്നവർ ടെണ്ടർ ഫോറം ഇനത്തിൽ 500/- രൂപയും 18% ജി.എസ്.ടി.യും നഗരസഭഫണ്ടിൽ ഒടുക്കിയതിന്റെ അസ്സൽ രശീത് ഹാജരാക്കി നഗരസഭ സ്റ്റോറിൽ നിന്നും ഫോറവും ടെണ്ടർ ഷെഡ്യൂളും വാങ്ങേണ്ടതാണ്.
3. മുദ്ര വെച്ച കവറിൽ മാത്രമേ ടെണ്ടർ സമർപ്പിക്കാവൂ.കവറിന് മുകളിൽ പ്രവൃത്തിയുടെ പേര് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
4. ടെണ്ടറിനോടൊപ്പം നിരത ദ്രവ്യമായി കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ മാറാവുന്ന 2500/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റോ, ബാങ്ക് ഗ്യാരന്റിയോ അല്ലെങ്കിൽ പണമായി നഗരസഭ ഫണ്ടിൽ ഒടുക്കിയതിന്റെ അസ്സൽ രസീതിയോ ഹാജരാക്കിയിരിക്കണം.
5. ടെണ്ടർ/ക്വട്ടേഷൻ ഫോറത്തിനോടൊപ്പം നൽകുന്ന ടെണ്ടർ/ക്വട്ടേഷൻ ഷെഡ്യൂളുകളിൽ ഓരോ ഇനത്തിന്റെയും നിരക്ക് വേർതിരിച്ച് പട്ടികപ്പെടുത്തി രേഖപ്പെടുത്തേണ്ടതാണ്.
6. ഓരോ ബുക്കിലും അസ്സലും ഡ്യൂപ്ലിക്കേറ്റും ഉൾപ്പെടെ 100 പേജുകൾ ഉണ്ടായിരിക്കണം.
7. ബുക്കുകൾക്ക് 1 മുതൽ 5000 വരെയും പേജുകൾക്ക് 1 മുതൽ 250000 വരെയും ക്രമനമ്പർ നൽകേണ്ടതാണ്.
8. നിശ്ചിത ഗുണനിലവാരത്തിലുള്ള പേപ്പറിൽ മാത്രമേ ബുക്കുകൾ പ്രിന്റ് ചെയ്യാൻ പാടുള്ളൂ. ഗുണനിലവാരമില്ലാത്ത പേപ്പറിൽ പ്രിന്റ് ചെയ്യുന്ന ബുക്കുകൾക്ക് ഒരു കാരണവശാലും ബിൽ തുക അനുവദിക്കുന്നതല്ല.
9. പ്രിന്റ് ചെയ്യേണ്ട ബുക്കുകളുടെ മാതൃക ഓഫീസ് പ്രവർത്തി സമയത്ത് കോർപ്പറേഷൻ സ്റ്റോർ (ജി8) വിഭാഗത്തിൽ നിന്നും അറിയാവുന്നതാണ്.

10. നിർദ്ദിഷ്ട ഫോറത്തിൽ അല്ലാത്തതും ആവശ്യമായ നിരതദ്രവ്യം അടക്കം ചെയ്തിട്ടില്ലാത്തതും, ഒപ്പ് വെയ്ക്കാത്തതും അപൂർണ്ണവും ആയ ടെണ്ടർ/ക്വട്ടേഷനുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

11. ഭാഗികമായതോ നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്നതോ ആയ ടെണ്ടറുകളും/ക്വട്ടേഷനുകളും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ ടെണ്ടറുകളും ക്വട്ടേഷനുകളും സ്വീകരിക്കുന്നതല്ല

12. ഓരോ ഇനത്തിനും നേരെ നികുതി ഉൾപ്പെടെയുള്ള നിരക്കുകൾ രേഖപ്പെടുത്തി മൊത്തം തുക അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്.

13. ടെണ്ടർ/ക്വട്ടേഷൻ-ന്റെ ഫേം പിരീഡ് വ്യക്തമായി രേഖപ്പെടുത്തണം. ടെണ്ടർ/ക്വട്ടേഷൻ സ്വീകരിക്കുമ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ള തീയതിയും സമയവും കരാറിന്റെ കാതലായിരിക്കുന്നതാണ്.

14. വർക്ക് ഓർഡർ ലഭിക്കുന്ന സ്ഥാപനം 200/-രൂപ മുദ്രപത്രത്തിൽ കോർപ്പറേഷനുമായി കരാർ ഉടമ്പടി ഒപ്പു വെയ്ക്കേണ്ടതും പെർഫോമൻസ് ഗ്യാരണ്ടി ഇനത്തിൽ 12500/-രൂപ കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്തിട്ടുള്ള സ്ഥിര നിക്ഷേപ രശീതിയോ അല്ലെങ്കിൽ മേൽ തുക പണമായി നഗരസഭ ഫണ്ടിൽ ഒടുക്കിയതിന്റെ അസ്സൽ രശീതിയോ കരാറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

15. മതിയായ ഗുണനിലവാരമില്ലാത്തതും വ്യവസ്ഥ ചെയ്ത രീതിയിലും അല്ലാതെ സാധനങ്ങൾ സപ്ലൈ ചെയ്യരുത്. അപ്രകാരം നിലവാരമില്ലാത്ത സാധനങ്ങൾ സപ്ലൈ ചെയ്യുന്നത് മൂലം കോർപ്പറേഷനുണ്ടാകുന്ന സകല കഷ്ട നഷ്ടങ്ങളുടെയും പൂർണ്ണ ഉത്തരവാദിത്വം ടെണ്ടർ കൊള്ളുന്നവരിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതും കൂടാതെ 1994 ലെ മുനിസിപ്പൽ ചട്ട പ്രകാരം ടെണ്ടറിനോടൊപ്പം അടക്കം ചെയ്തിട്ടുള്ള നിരതദ്രവ്യം കോർപ്പറേഷൻ ഫണ്ടിലേക്ക് മുതൽകൂട്ടി ടിയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റീ ടെണ്ടർ/ക്വട്ടേഷൻ ചെയ്യുന്നതാണ്.

16. ടെണ്ടർ/ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ഉള്ള പരിപൂർണ്ണ അധികാരം കൗൺസിലിൽ നിക്ഷിപ്തമായിരിക്കും.

17. സപ്ലൈ ചെയ്യുന്ന സാധനങ്ങൾ കോർപ്പറേഷൻ ഓഫീസ് സ്റ്റോറിൽ എത്തിക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ വിധ ചെലവുകളും ടെണ്ടർ അംഗീകാരം ലഭിച്ച സ്ഥാപനം വഹിക്കേണ്ടതാണ്.

18. സപ്ലൈ ചെയ്യേണ്ട സാധനങ്ങൾ സംബന്ധിച്ച വിവരങ്ങൾ നഗരസഭ കാര്യാലയത്തിലെ പൊതുഭരണ വിഭാഗത്തിൽ നിന്നും ഓഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്.

19. കോർപ്പറേഷനിലെ ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും, (ജി-8), ഫോൺ/ഇമെയിൽ മുഖേന ലഭിയ്ക്കുന്ന നിർദ്ദേശാനുസരണം മേൽ പ്രവൃത്തി സമയബന്ധിതമായി നിർവ്വഹിക്കേണ്ടതാണ്.

20. ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

14/9/22

അഡീഷണൽ സെക്രട്ടറി,
തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ.

കോപ്പി ടു: നോട്ടീസ് ബോർഡ്.

CORPORATION OFFICE
THRISSUR